**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2630** **23-02-2026 - ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി മണ്ഡലത്തിൽ സഹകരണ വകുപ്പ് അനുവദിച്ചിട്ടുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ സഹകരണ വകുപ്പ് മുഖേന നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ സഹകരണ വകുപ്പ് മുഖേന നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഓരോ പദ്ധതിയ്ക്കും അനുവദിച്ച തുക എത്രയെന്ന് വിശദമാക്കാമോ; | (ബി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ സഹകരണ വകുപ്പ് മുഖേന നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | (സി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ സഹകരണ വകുപ്പ് മുഖേന നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| എ | ബി | സി |
|---|---|---|
| **സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ നൂതന പദ്ധതി** | | |
| പട്ടുവം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ സി.132 | **1,45,00,000** | ബാങ്കിന് വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി എന്ന പുതിയ പദ്ധതിയിൽ ഉൾപ്പെടുത്തി സംഘത്തിന്റെ ഉടമസ്ഥതയിൽ 5 ഏക്കറിൽ ചെമ്മീൻ പാടം നിർമ്മിച്ച് നെൽകൃഷിയും മൽസ്യകൃഷിയും നടപ്പിലാക്കുന്നതിനായി സമഗ്ര കാർഷിക വികസന പദ്ധതി നടപ്പിലാക്കുന്നതിനാണ് ധനസഹായം അനുവദിച്ചിരിക്കുന്നത്. ബാങ്ക് 2022-23 വർഷം 80 ഏക്കറിൽ നെൽകൃഷിയും 10 ഏക്കറിൽ ഉഴുന്ന് കൃഷിയും ചെയ്തിട്ടുണ്ട്. 2023-24 വർഷം 120 ഏക്കറിൽ നെൽകൃഷിയും 10 ഏക്കറിൽ ഉഴുന്ന്, പയർ കൃഷിയും 4 കൂട് മൽസ്യ കൃഷിയും ചെയ്തിട്ടുണ്ട്. 400 കയർ കല്ലുമ്മക്കായ കൃഷിയും ചെയ്തു. 2024-25 വർഷം 120 ഏക്കർ നെൽകൃഷിയും 8 ഏക്കറിൽ ഉഴുന്ന്, പയർ കൃഷിയും 6 കൂട് മൽസ്യ കൃഷിയും ചെയ്തിട്ടുണ്ട്. ബാങ്ക് ഉൽപ്പാദിപ്പിക്കുന്ന നെല്ല് കുത്തി 'പട്ടുവം കുത്തരി' എന്ന ബ്രാൻഡ് നെയിമിൽ വിപണനം നടത്തുന്നുണ്ട്. നിലവിൽ 2025-26 വർഷം ഒന്നാം വിള നെൽകൃഷി 80 ഏക്കറിൽ ബാങ്ക് നേരിട്ടും പലിശരഹിത വായ്പ നൽകി ബാങ്കിൻറെ കീഴിലുള്ള ഗ്രൂപ്പുകൾ വഴി 40 ഏക്കറിലും കൃഷി ചെയ്തിട്ടുണ്ട്. ബാങ്ക് നേരിട്ട് 8 ഏക്കറിൽ ഉഴുന്ന്, പയർ കൃഷിയും ചെയ്തിട്ടുണ്ട്. പുഴയിൽ 6 മൽസ്യ കൂട് സ്ഥാപിച്ച് 7500 കരിമീൻ, 1500 കാളാഞ്ചി മത്സ്യങ്ങളെ വളർത്തി വരുന്നു. |
| ചെറുതാഴം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ് .747 | **91,80,000** | സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി പ്രകാരം പഴങ്ങൾ, പച്ചക്കറികൾ, നെല്ല് എന്നിവയ്ക്കായി ഒരു സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിനും കർഷകരുടെ ഉൽപ്പന്നങ്ങളുടെ സംഭരണം , സംസ്കരണം,വിപണനം, എന്നിവ നടപ്പിലാക്കുന്ന തിനു മാണ് തുക അനുവദിച്ചിരിക്കുന്നത്. കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും,കേടു കൂടാതെ സൂക്ഷിക്കുന്നതിനും അത്യാധുനിക സൗകര്യങ്ങ ളോടു കൂടിയ കോൾഡ് സ്റ്റോറേജ് പണി കഴിപ്പിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിന് രൂപീകരിച്ച സബ് കമ്മിറ്റി അംഗങ്ങൾ പിലിക്കോട് കാർഷിക സർവ്വകലാശാല, മണ്ണുത്തി കാർഷിക കോളേജ് എന്നിവിടങ്ങളിൽ നിന്ന് ആവശ്യമായ പരിശീലനം നേടുകയും ചെയ്തിട്ടുണ്ട്. പ്രൊജക്റ്റ് പ്രകാരമുള്ള പ്രവർത്തി ആരംഭിക്കുന്നതിന് മണ്ണുത്തി കാർഷിക കോളേജിൽ നിന്ന് സാങ്കേതിയ വിദ്യയും യന്ത്രങ്ങളും ഉൾപ്പെടെ യുള്ളവ വാങ്ങുന്നതിനും സ്ഥാപിക്കുന്ന തിനും പ്രവർത്തനം തുടങ്ങുന്നതിനും വേണ്ട എല്ലാ സഹായങ്ങളും ചെയ്യുന്നതിന് സമ്മതിച്ചിട്ടുണ്ട്. **ഓയിൽ ഫ്രീ ചിപ്സ്, പാസ്ത** എന്നിവ ഉണ്ടാക്കുന്നതിന് ആവശ്യമായ പ്രവർത്തനം ബാങ്ക് ആരംഭിച്ചിട്ടുണ്ട്. |
| **ആകെ** | 2,36,80,000 | |
| **പുനർജ്ജനി** | | |

| | | |
|---|---|---|
| പദ്ധതി | | |
| പള്ളിക്കര പട്ടികജാതി കോളനി കളക്ടീവ് ഫാർമിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ സി.389 | 34,17,500 | സംഘത്തിന് കീഴിൽ ഒരു ഡയറി ഫാം യൂണിറ്റ് ആരംഭിക്കുന്നതിനാണ് ധനസഹായം അനുവദിച്ചു നൽകിയിട്ടുള്ളത്. പദ്ധതി പൂർത്തീകരിച്ചു. |
| പഴയങ്ങാടി പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ സി.912 | 11,90,000 | സംഘത്തിന് കീഴിൽ ഓഫ്സെറ്റ് പ്രിന്റിങ്ങ് പ്രസ്സ് സ്ഥാപിക്കുന്ന തിനാണ് ധനസഹായം അനുവദിച്ചു നൽകിയിട്ടുള്ളത്. ഓഫ്സെറ്റ് പ്രിന്റിങ്ങ് പ്രസ്സ് സ്ഥാപിച്ച് പദ്ധതി പൂർത്തീകരിച്ചു. |
| ആകെ | 46,07,500 | |
| **പി.എ.സി.എസ് നുള്ള ഓഹരി മൂലധന സഹായം** | 3,00,000 | പൂർണ്ണമായും വിനിയോഗിച്ചു |
| **ഹൗസിംഗ് സഹകരണ സംഘങ്ങൾക്കുള്ള ഓഹരി മൂലധന സഹായം** | 5,30,000 | പൂർണ്ണമായും വിനിയോഗിച്ചു |
| **കൺസ്യൂമർ/നീതി സ്റ്റോറി നുള്ള ധനസഹായം** | 1,00,000 | പൂർണ്ണമായും വിനിയോഗിച്ചു |
| **വനിതാ സഹകരണ സംഘങ്ങൾക്കുള്ള പ്രവർത്തന മൂലധന ഗ്രാന്റ്** | 3,00,000 | പൂർണ്ണമായും വിനിയോഗിച്ചു |
| **പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ ക്കുള്ള മാനേജീരിയൽ സബ്സിഡി** | 2,40,000 | പൂർണ്ണമായും വിനിയോഗിച്ചു |
| **ആകെ മൊത്തം** | 2,97,57,500 | |

(ഒപ്പ്)

REGISTRAR OF CO-OPERATIVE SOCIETIES